പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1048 03.12.2014 ലെ മറുപടിയ്ക്ക്

## കിറ്റ്സിന്റെ ഡയറക്ടർ നടത്തിയ വിദേശ പര്യടനങ്ങൾ

| ചോദ്യം<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി |
|---|---|
| ടൂറിസം വകുപ്പിന്റെ കീഴിലുള്ള കിറ്റ്സിന്റെ ഇപ്പോഴത്തെ ഡയറക്ടർ നാളിതുവരെ നടത്തിയ വിദേശ പര്യടനങ്ങൾ എത്രയാണെന്നും ഇവ ഏതെല്ലാം ആവശ്യങ്ങൾക്ക വേണ്ടി ആയിരുന്നുവെന്നും ഇതിനായി ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കുമോ? | ഈ സർക്കാർ അധികാരമേറ്റശേഷം ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസിയായ കിറ്റ്സിന്റെ ഡയറക്ടർ ഡോ.രാജശ്രീ അജിത് നവംബർ 2012 ൽ യു.കെ.യിൽ നടന്ന വേൾഡ് ട്രാവൽ മാർട്ടിലും മാർച്ച് 2013 ൽ ITB (ഇന്റർനാഷണൽ ടൂറിസം ബോർസ്) ബെർലിനിലും പങ്കെടുക്കാനായി രണ്ട് ഔദ്യോഗിക വിദേശയാത്രകൾ നടത്തിയിട്ടുണ്ട്. കൂടാതെ 31.5.2014 മുതൽ 14.6.2014 വരെ യൂറോപ്യൻ രാജ്യങ്ങളിലും 15.10.2014 മുതൽ 21.10.2014 വരെ സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിലും ഡയറക്ടർ സ്വകാര്യ സന്ദർശനം നടത്തിയിട്ടുണ്ട്. 2012 ൽ നവംബറിൽ യു.കെ.യിൽ നടന്ന വേൾഡ് ട്രാവൽ മാർട്ടിൽ 2,19,591 രൂപയും (രണ്ടു ലക്ഷത്തി പത്തൊമ്പതിനായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ) മാർച്ച് 2013 ൽ ITB ബെർലിനിൽ നടത്തിയ രണ്ടാമത് യാത്രയ്ക്ക് 1,59,642 രൂപയും (ഒരു ലക്ഷത്തി അമ്പത്തിയൊമ്പതിനായിരത്തി അറുന്നൂറ്റി നാൽപത്തി രണ്ടു രൂപ) ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ